പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2830

02.04.2013ൽ മറുപടിക്ക്

## നദീ സംരക്ഷണ സേന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.പാലോട് രവി :<br>ശ്രീ.പി.സി.വിഷ്ണുനാഥ് : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നദീസംരക്ഷണ സേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) ഏതെല്ലാം അധികാരങ്ങളും ചുമതലകളുമാണ് സേനയ്ക്ക് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (എ), (ബി), (സി) & (ഡി) ഉണ്ട്. കേരളത്തിലെ നദികളിൽ നിന്നും വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽ ഖനനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് തടയുക എന്ന ലക്ഷ്യത്തോടെ 2001 -ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട്- ന് 2013 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്ട് 07-03-2013 ന് നിലവിൽ വന്നിരിക്കുകയാണ്. ഈ ആക്ടിലെ ചട്ടങ്ങൾ നിലവിൽ വരുന്നതോടെ അനധികൃത മണലൂറ്റ് മൂലമുണ്ടാകുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥ ഇവ തടയുന്നതിന് പര്യാപ്തമാകുമെന്ന് കാണുന്നു. പ്രസ്തുത ഭേദഗതി ആക്ടിലെ സെക്ഷൻ 26എ പ്രകാരം ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും തടയുന്നതിനും ഓരോ കടവിലും ഈ ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ടി സർക്കാർ ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.<br><br>07-03-2013 ലെ ആക്ട് അനുശാസിക്കും പ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് നദീസംരക്ഷണ സേന രൂപീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ